(ഡി) ഇല്ല.

(ഇ) ക്രമസമാധാനനില തികച്ചും സാധാരണ നിലയിലാണ്.

62 (62) കൊലപാതകങ്ങൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എത്ര കൊല പാതകങ്ങൾ നടന്നിട്ടുണ്ട്; എത്ര കൊലപാതക ശ്രമങ്ങൾ നടന്നിട്ടുണ്ട്;

(ബി) കൊല ചെയ്യപ്പെട്ടവരിൽ എത്ര വീതം സ്ത്രീകൾ, കുട്ടികൾ, പുരുഷൻമാർ എന്നിവർ ഉണ്ടെന്ന് അറിയിക്കുമോ;

(സി) ഒരേ സംഭവത്തിൽ ഒന്നിലധികം പേർ കൊല്ലപ്പെട്ട എത്ര സംഭ വങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ (സി) വരെ വിവരം ശേഖരിച്ചു വരുന്നു.

63 (63) രാഷ്ട്രീയ കൊലപാതകങ്ങൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991 മുതൽ 1998 വരെ സംസ്ഥാനത്ത് നടന്നിട്ടുള്ള രാഷ്ട്രീയ കൊലപാതകങ്ങൾ എത്രയാണ്; വർഷം തിരിച്ചും ജില്ല തിരിച്ചും ഉള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ സംഭവങ്ങളിൽ കൊല്ലപ്പെട്ടവർ ഏതൊക്കെ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണെന്ന് കക്ഷി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഈ സംഭവങ്ങളിലെ പ്രതികളുടെ കക്ഷി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 127 (നൂറ്റി ഇരുപത്തിയേഴ്) രാഷ്ട്രീയ കൊലപാതകങ്ങൾ. കൂടുതൽ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരി ക്കുന്നു.†

(ബി)

1.	കോൺഗ്രസ്(ഐ)/ ഐ.എൻ.ടി.യു.സി/ യൂത്ത് കോൺഗ്രസ്/കെ.എസ്.യു	:	37
2.	സി.പി.എം/സി.ഐ.റ്റി.യു/ ഡി.വൈ.എഫ്.ഐ/ എസ്.എഫ്.ഐ	:	43
3.	ബി.ജെ.പി./ആർ.എസ്.എസ്/ ബി.എം.എസ്/എ.ബി.വി.പി	:	38

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4.	ജനതാദൾ	:	1
5.	സി.പി.ഐ	:	1
6.	ജെ.എസ്.എസ്	:	1
7.	സി.എം.പി	:	1
8.	ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് ലീഗ്	:	1
9.	മറ്റുള്ളവർ	:	2
	ആകെ		127

(സി) പ്രതികളുടെ കക്ഷിബന്ധം ശേഖരിച്ചു നൽകുന്നതാണ്.

64 (64) രാഷ്ട്രീയ കൊലപാതകങ്ങൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1999 മെയ് മാസംവരെ സംസ്ഥാനത്ത് എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) മരിച്ചവർ ഏതെല്ലാം രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണ്; ഓരോ പാർട്ടിയിലുംപ്പെട്ടവർ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(സി) അക്രമസംഭവങ്ങളിൽ ഏതു പാർട്ടിയുടെ അനുഭാവികളാണ് പ്രതിസ്ഥാനത്ത് കൂടുതലായിട്ടുള്ളത്;

(ഡി) അക്രമരാഷ്ട്രീയം ഇല്ലാതാക്കാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 38 (മുപ്പത്തി എട്ട്) രാഷ്ട്രീയ കൊലപാതകങ്ങൾ.

(ബി)
1. സി.പി.ഐ(എം)/ ഡി.വൈ.എഫ്.ഐ/ എസ്.എഫ്.ഐ/ സി.ഐ.റ്റി.യു - 11
2. കോൺഗ്രസ് (ഐ) - 5
3. ബി.ജെ.പി./ആർ.എസ്.എസ്./ എ.ബി.വി.പി./ബി.എം.എസ് - 21
4. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് ലീഗ് - 1

(സി)&(ഡി) അക്രമ രാഷ്ട്രീയം തടയുന്നതിന് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനു പുറമേ അക്രമികൾക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly